പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2548

18.02.2016 ലെ മറുപടിയ്ക്ക്

# കെ.റ്റി.ഡി.സിയിലെ അസിസ്റ്റന്റ് കുക്കുകൾ

| ചോദ്യം<br>ശ്രീ.വി.ശശി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) | കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ 24 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. |
| ബി) | ഈ തസ്തികയിലേക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | കെ.റ്റി.ഡി.സിയിൽ അസിസ്റ്റന്റ് കുക്കിന്റെ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല. |
| സി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ; | സി) | കെ.റ്റി.ഡി.സിയിലെ അസിസ്റ്റന്റ് കുക്ക് നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന WP(C)No.27303/2014ൽ 05.11.2014 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിക്കുകയും അസിസ്റ്റന്റ് കുക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടു കൊണ്ട് 05.06.2015 ലെ സ.ഉ (സാധാ)നം.246/2015/ടൂറിസം പ്രകാരം ഉത്തരവായിട്ടുമുണ്ട്. |
| ഡി) | പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) | 'ബി' പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ